പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ. 3818 — 26.06.2012 ൽ മറുപടിക്ക്

## കശുവണ്ടി വ്യവസായ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ. ബേബി<br>" പി.കെ. ഗുരുദാസൻ<br>" ജെയിംസ് മാത്യു<br>" ആർ. രാജേഷ് | ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി<br>( വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്നതിന് പുതുതായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) വർഷം മുഴുവനും സംസ്കരണം നടത്തുവാനായി തോട്ടണ്ടി ലഭ്യമാക്കി തൊഴിൽ ഭദ്രത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിയമലംഘനവും കുടിവറുപ്പും തടയുന്നതിന് കാഷ്യൂ സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി കാഷ്യൂ സ്പെഷ്യൽ സ്ക്വാഡ് രൂപീകിച്ച് കശുവണ്ടി വ്യവസായം സംരക്ഷിക്കുന്നതിനു വേണ്ടി ശക്തമായ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) കശുവണ്ടി കയറ്റുമതി സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ; | (ബി) കയറ്റുമതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കശുവണ്ടി വികസന കോർപറേഷൻ അന്താരാഷ്ട്ര നിലവാരത്തിലുള്ള പ്രൊഫഷണൽ മാർക്കറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.<br><br>കാപെക്സ് കൂടുതൽ വിദേശ രാജ്യങ്ങളുമായി ബന്ധപ്പെട്ട് കയറ്റുമതി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇന്റർ നാഷണൽ ബ്രാൻഡ് ബിൽഡിംഗിനായി നടപ്പു സാമ്പത്തിക |

വർഷത്തിൽ പുതിയ പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

(സി) കശുവണ്ടി ഉല്പാദന വർദ്ധനവിനായി കശുമാവ് തോട്ടങ്ങൾ നട്ടുപിടിപ്പി ക്കുന്നതിന് പുതുതായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചി ട്ടുണ്ടോ;

(സി) കേരളത്തിൽ കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധിയായ തോട്ടണ്ടിയുടെ ലഭ്യതക്കുറവ് പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ സ്പെഷ്യൽ ഓഫീസർ (കാഷ്യു) ചെയർമാനായി "കേരള സ്റ്റേറ്റ് ഏജൻസി ഫോർ ദി എക്സ്പാൻഷൻ ഓഫ് കഷ്യൂ കൾട്ടിവേഷൻ (കെ.എസ്.എ.സി.സി.) എന്ന ഏജൻസി 2007-ൽ രൂപീകരിച്ചു. കശുമാവ് കൃഷി കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുന്നതു വഴി തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഏജൻസി അതിന്റെ പ്രവർത്തനം പ്ലാൻ ഫണ്ട് വിനിയോഗിച്ച് 2008-ൽ ആരംഭിച്ചു.

**<u>പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു</u>**

| | | | |
|---|---|---|---|
| 2007-08 | - | 50 | ലക്ഷം രൂപ |
| 2008-09 | | 100 | " |
| 2009-10 | - | 300 | " |
| 2010-11 | - | 400 | " |
| 2012-13 | - | 410 | " |

2007-08, 2008-09 -ൽ അനുവദിച്ച 15 ലക്ഷം രൂപ വിനിയോഗിച്ച് കൊല്ലം, ആലപ്പുഴ, കണ്ണൂർ എന്നീ ജില്ലകളിൽ 25067 കശുമാവ് ഗ്രാഫ്റ്റ് ചെടികൾ കർഷകർക്ക് സൗജന്യമായി നൽകുകയും, നടീലിനും പരലപാലനത്തിനുമായി 13 ലക്ഷം രൂപ ധനസഹായവും നൽകി. കൂടാതെ കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ വനംവകുപ്പിന്റെ സഹായത്തോടെ വനസംരക്ഷണ സമിതികൾ വഴി വനാശ്രിത കർഷകർക്ക് 84,000 കശുമാവ് ഗ്രാഫ്റ്റ് ചെടികൾ സൗജന്യമായി നൽകുകയും, നടീലിനും പരിപാലനത്തിനുമായി 54.60 ലക്ഷം രൂപ ധനസഹായം നൽകി. പൊതുമേഖലാ സ്ഥാപനങ്ങളായി സ്റ്റേറ്റ് ഫാർമിംഗ് കോർപ്പറേഷൻ പുനലൂർ, റീഹാബിലിറ്റേഷൻ ലിമിറ്റഡ് പുനലൂർ,

എന്നിവയ്ക്ക് ജൈവരീതിയിൽ 245 ഏക്കർ കശുമാവ് തോട്ടം വച്ചുപിടിപ്പിക്കുന്നതിനായി 11.7 ലക്ഷം രൂപ ധനസഹായം നൽകി.

2008-09 സാമ്പത്തിക വർഷത്തിൽ കെ.എസ്.എ.സി.സി. സുസ്ഥിര കശുമാവ് കൃഷി വികസനം കേരളത്തിൽ നടപ്പിലാക്കുന്നതിനായി 95.60 കോടി രൂപയുടെ ഒരു വലിയ പദ്ധതി നാഷണൽ ഹോർട്ടികൾച്ചർ മിഷന് സമർപ്പിച്ചു. നാല് വർഷം കൊണ്ട് നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്ക് ഇന്ത്യാ ഗവൺമെന്റിന്റെ 57.83 കോടി രൂപ ധനസഹായം ലഭിക്കും. പദ്ധതിയുടെ മുഖ്യ ഘടകങ്ങൾ പുതിയ നേഴ്സറികൾ, പുതിയ തോട്ടങ്ങൾ (10000 ഹെക്ടർ), പുനരുദ്ധരണവും/പുനർകൃഷി (10000 ഹെക്ടർ), ജൈവ കൃഷി (2000 ഹെക്ടർ) മാതൃകാ കൃഷിത്തോട്ടങ്ങൾ, ജലസ്രോതസ്സുകൾ (1000 ഹെക്ടർ), പരാഗണം ത്വരിതപ്പെടുത്തുന്നതിന് തേനീച്ച വളർത്തൽ (2000 യൂണിറ്റ്), സെമിനാറുകൾ/വർക്കുഷോപ്പുകൾ, കർഷകർക്കുള്ള പരിശീലനം, വിളവെടുപ്പ് അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയാണ്.

നാഷണൽ ഹോർട്ടികൾച്ചറൽ മിഷനിൽ നിന്നും 2009-10 മുതൽ 2011-12 വർഷങ്ങളിൽ 2870 ലക്ഷം രൂപയും പ്ലാൻ ഫണ്ടിൽ നിന്നും 7 കോടി രൂപയും അനുവദിച്ചു. ഈ തുക വിനിയോഗിച്ച് 2009-10 മുതൽ 2011-12 വർഷങ്ങളിലായി 17229 ഹെക്ടറോളം സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചു.

കശുമാവ് തോട്ടങ്ങളിൽ പരാഗണം ത്വരിതപ്പെടുത്തുന്നതിന് 10 ജില്ലകളിലെ 118 കർഷകർക്ക് തേനീച്ച പെട്ടികളും കോളനികളും, അനുബന്ധ ഉപകരണങ്ങളും നൽകി. 5 ജില്ലകളിലെ 21000 കർഷകർക്ക് മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മാണത്തിന് ധനസഹായം നൽകി. കശുമാവ് ഗവേഷണ കേന്ദ്രങ്ങളിലെ ശാസ്ത്രജ്ഞരുടെ സേവനം വിനിയോഗപ്പെടുത്തി കശുമാവ് കൃഷിയിൽ ട്രെയിനിംഗുകളും, സെമിനാറുകളും നടത്തിവരുന്നു.

2012 -13 -ൽ 2500 ഹെക്ടർ സ്ഥലത്താണ് കശുമാവ് കൃഷി നടപ്പിലാക്കേണ്ടത്. അത് വളരെ കാര്യക്ഷമമായി നടപ്പിലാക്കാൻ നടപടികൾ എടുത്തുവരുന്നു. കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന കശുമാവ് കൃഷി പദ്ധതിയിലേയ്ക്ക് കൂടുതൽ കർഷകരെ ആകർഷിക്കുവാനും, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും, കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുവാനും സാധിച്ചു. നാല് വർഷം കൊണ്ട് പദ്ധതി വിഭാവനം ചെയ്യുന്ന നേട്ടങ്ങൾ താഴെപ്പറയുന്നവയാണ് :

1. കശുമാവ് കൃഷി വിസ്തൃതിയിലുള്ള വർദ്ധന - 20000 ഹെക്ടർ.
2. കശുവണ്ടി ഉൽപ്പാദനത്തിലുള്ള വർദ്ധന- 40,000 മെ.ടൺ
3. അധിക തൊഴിലവസരങ്ങൾ- 20,000 (പ്രതിവർഷം)
4. പ്രതിവർഷ അധികവരുമാനം - 265 കോടി രൂപ.

(ഡി) നിർദ്ദിഷ്ട കശുവണ്ടി ബാങ്ക് രൂപീകരണത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും ഇതിന്റെ പ്രവർത്തനം എപ്രകാരമെന്നും വ്യക്തമാക്കുമോ ?

(ഡി) കേരളത്തിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി കെ.എസ്.എ.സി.സി നടപ്പിലാക്കി വരുന്ന പദ്ധതിയ്ക്കുവേണ്ടി കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത അത്യുൽപ്പാദനശേഷിയുള്ള കശുമാവ് ചെടികളാണ് ഉപയോഗിക്കുന്നത്. അത്യുൽപ്പാദനശേഷിയുള്ള ഗ്രാഫ്റ്റ് ചെടികൾക്കുവേണ്ടിയുള്ള റൂട്ട് സ്റ്റോക്ക് ഉൽപ്പാദിപ്പിക്കുന്നതിന് വേണ്ടിയാണ് **കശുവണ്ടി ബാങ്ക്** എന്നത് പദ്ധതിയുടെ ഘടകമായി ഉൾപ്പെടുത്തിയിരുന്നത്.

കൃഷിവകുപ്പിന്റെയും കേരള കാർഷിക സർവ്വകലാശാലയുടെയും 24 -ഓളം നെഴ്സറികളും, സ്വകാര്യമേഖലയിലെ 4 ഗവൺമെന്റ് അംഗീകൃത നെഴ് സറികളുമാണ് കേരളത്തിൽ ഇപ്പോൾ അത്യുൽപ്പാദനശേഷിയുള്ള കശുമാവ് ചെടികൾ ഉൽപ്പാദിപ്പിക്കുന്നത്. ടി നെഴ്സറികൾക്ക് റൂട്ട് സ്റ്റോക്ക് തയ്യാറാക്കുന്നതിനുള്ള കശുവണ്ടി വിത്തുകൾ അവർ തന്നെ നേരിട്ട് സംഭരിച്ചാണ് തയ്യാറാക്കുന്നത്.

പദ്ധതിയുടെ ഘടകമായി ഉൾപ്പെടുത്തേണ്ടിയിരുന്ന കശുവണ്ടി ബാങ്ക് നടപ്പിലാക്കാതിരുന്നതിനാൽ ടി ഘടകത്തിന് നീക്കിവച്ചിരുന്ന തുക കൂടി ഉപയോഗിച്ചാണ് ഏജൻസിക്ക് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കശുമാവ് കൃഷി വ്യാപിപ്പിക്കാൻ സാധിച്ചത്.

സെക്ഷൻ ഓഫീസർ